"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മണ്ണാർ ക്കാട് നിയോജക മണ്ഡലം എം.എൽ.എ. ശ്രീ.എൻ.ഷംസുദ്ദീൻ അവർകളുടെ 2016-17 ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ മുക്കാലി ചിണ്ടക്കി റോഡ് പുനരുദ്ധാരണം (താന്നിച്ചോട് മുതൽ ചിണ്ടക്കി വരെ ) - അഗളി ഗ്രാമപഞ്ചായത്ത് -എന്ന പ്രവൃത്തിയുടെ ഭരണാനുമതി ഭേദഗതി ചെയ്ത് " അഗളി ഗ്രാമപഞ്ചായത്തിലെ മുക്കാലി ചിണ്ടക്കി റോഡ് -ഇന്റർലോക്ക് ടൈൽ പാകി പുനരുദ്ധാരണം " എന്ന പേരിൽ പുതുക്കിയ ഭരണാനുമതി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി എ)വകുപ്പ്**

**സ.ഉ.(സാധാ) നം.1592/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/07/2019

---

പരാമർശം:- 1 സ.ഉ.(സാധാ)നം. 332/12/ധന തീയതി 11/06/2012

2 സ.ഉ.(സാധാ.)നം.1233/17/ത.സ്വ.ഭ.വ തിയതി 19.04.17

3 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.02.19 ലെ ഡിബി3/12539/16/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്

4 സ.ഉ.(സാധാ.)നം. 5664/19/ധന. തീയതി 18.07.19

5 സ.ഉ.(അ.)നം. 119/2018/ധന തീയതി 04.08.18

## ഉത്തരവ്

മണ്ണാർക്കാട് നിയോജക മണ്ഡലം എം.എൽ.എ. ശ്രീ.എൻ.ഷംസുദ്ദീൻ അവർകളുടെ 2016-17 ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അഗളി ഗ്രാമപഞ്ചായത്തിലെ മുക്കാലി ചിണ്ടക്കി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയ്ക്ക് പരാമർശം (2) പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയ്ക്കായി സമർപ്പിച്ച എസ്റ്റിമേറ്റിൽ ടാറിംഗ് പ്രവൃത്തി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എന്നാൽ പ്രസ്തുത റോഡ് വനത്തിനുള്ളിൽ കൂടി കടന്നുപോകുന്നതാകയാൽ ഊരുകൂട്ടത്തിന്റെ തീരുമാനപ്രകാരം ഇന്റർലോക്ക് ചെയ്യാനാണ് Forest NOC ലഭ്യമായിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഇന്റർലോക്ക് ചെയ്യുവാൻ ബഹു.എം.എൽ.എ.നിർ ദ്ദേശിച്ചപ്രകാരം അഗളി ഗ്രാമപഞ്ചായത്തിലെ മുക്കാലി ചിണ്ടക്കി റോഡ് -ഇന്റർലോക്ക് ടൈൽ പാകി പുനരുദ്ധാരണം " എന്ന പേരിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരാമർശം (3) ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ മുക്കാലി ചിണ്ടക്കി റോഡ് പുനരുദ്ധാരണം (താന്നിച്ചോട് മുതൽ ചിണ്ടക്കി വരെ ) - അഗളി ഗ്രാമപഞ്ചായത്ത് -എന്ന പ്രവൃത്തിയുടെ ഭരണാനുമതി ഭേദഗതി ചെയ്ത് " അഗളി ഗ്രാമപഞ്ചായത്തിലെ മുക്കാലി ചിണ്ടക്കി റോഡ് -ഇന്റർലോക്ക് ടൈൽ പാകി പുനരുദ്ധാരണം " എന്ന പേരിൽ ഭരണാനുമതി നൽ കുന്നതിന് പരാമർ ശം (5) ലെ ഉത്തരവിലെ മാർഗരേഖയിൽ ഇളവ് വരുത്തി പരാമർ ശം (4) ലെ ഉത്തരവ് പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിനാൽ മണ്ണാർ ക്കാട് നിയോജക മണ്ഡലം എം.എൽ.എ. ശ്രീ.എൻ.ഷംസുദ്ദീൻ അവർകളുടെ 2016-17 ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ മുക്കാലി ചിണ്ടക്കി റോഡ് പുനരുദ്ധാരണം (താന്നിച്ചോട് മുതൽ ചിണ്ടക്കി വരെ ) - അഗളി ഗ്രാമപഞ്ചായത്ത് -എന്ന പ്രവൃത്തിയുടെ ഭരണാനുമതി ഭേദഗതി ചെയ്ത് " അഗളി ഗ്രാമപഞ്ചായത്തിലെ മുക്കാലി ചിണ്ടക്കി റോഡ് -ഇന്റർലോക്ക് ടൈൽ പാകി പുനരുദ്ധാരണം " എന്ന പേരിൽ പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

3. മേൽ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ശ്രീ.എൻ.ഷംസുദ്ദീൻ എം.എൽ.എ, (മണ്ണാർ ക്കാട് നിയോജക മണ്ഡലം ) (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, അഗളി ഗ്രാമപഞ്ചായത്ത്, പാലക്കാട്

ധനകാര്യ വകുപ്പ്(അനൗദ്യോഗിക കുറിപ്പ് നം.490/NC-C2/24/2019/Fin തീയതി 25.07.2019)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ